# ജി.എൽ.പി.എസ്. തേലക്കാട്

## അക്കാദമിക മാസ്റ്റർ പ്ലാൻ - 2025- 2026

# " ജ്ഞാനപഥം "

### അധ്യായം- 1

### വിദ്യാലയചരിത്രം

മലപ്പുറം ജില്ലയിൽ മേലാറ്റൂർ സബ് ജില്ലയിൽ ഉൾപ്പെട്ട ഈ വിദ്യാലയം വെട്ടത്തൂർപഞ്ചായത്തിലെപന്ത്രണ്ടാംവാർഡിലാണ്സ്ഥിതിചെയ്യുന്നത്.തേലക്കാട് നിവാസികളായസാധാരണക്കാർക്ക്പ്രാഥമികവിദ്യാഭ്യാസംനേടുന്നതിനുള്ളഏകആശ്രയമാണ്ഈപ്രൈമറിസ്കൂൾ.ഇന്ന്ഈവിദ്യാലയംഅക്കാദമികഅക്കാദമികേതരരംഗങ്ങളിൽമികവേറിയഒരുപാട്പ്രവർത്തനങ്ങളിലൂടെകടന്നു69വർഷത്തെസേവനപാരമ്പര്യവുമായിതേലക്കാട്അക്ഷരവെളിച്ചമായിതെളിഞ്ഞുനിൽക്കുന്നു.1956ൽമലബാർഡിസ്റ്റിക് ബോർഡിന്റെ കീഴിൽ സിംഗിൾ എലിമെൻററി സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച് 1959-ൽ നാലാം ക്ലാസ്ആയിപ്രൈമറിസ്കൂൾപ്രവർത്തനംആരംഭിക്കുകയും ചെയ്തു.കാപ്പുങ്ങൽമുഹമ്മദ്ഹാജിഎന്നവ്യക്തിയുടെറേഷൻകടയോടുചേർന്ന്പ്രവർത്തനംആരംഭിച്ചഈവിദ്യാലയംപിന്നീട്ചേലപ്പറമ്പത്ത്കൃഷ്ണൻനമ്പൂതിരിസംഭാവനയായി നൽകിയ 29 സെന്റ് സ്ഥലത്താണ് ഇപ്പോൾ വിദ്യാലയംപ്രവർത്തിച്ചു വരുന്നത്.

സംസ്ഥാനബജറ്റിൽനിന്നുംഅനുവദിച്ചഒരുകോടിരൂപഉപയോഗിച്ച്1962സ്കൂളിന്അനുവദിച്ച സെമിപെർമനന്റ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.ഇതിന്റെഭാഗമായിLPവിഭാഗംതേലക്കാട് മദ്രസ്സയിലും പ്രി-പ്രൈമറി വിഭാഗം 1996 കാലഘട്ടത്തിൽ ഡി.പി.പി പദ്ധതി പ്രകാരവും 2004-ൽ എസ്.എസ്.എ - അനുവദിച്ച ക്ലാസ് മുറിയിലുമായി പ്രവർത്തിച്ചു വരുന്നു.

അധ്യാപകരുടെ ഒന്നിച്ചുള്ള സ്ഥലമാറ്റവും, LP വിഭാഗം ക്ലാസുകൾ സ്കൂളിൽ നിന്നു മാറ്റിയതും, ഇംഗ്ലീഷ് മീഡിയം ക്ലാസുകളുടെ അപര്യാപ്തയും , അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ സാന്നിധ്യവും, ക്ലാസുകളുടെ അപര്യാപ്തത മൂലം പ്രി-പ്രൈമറി വിഭാഗം 3 + , 4+ എന്ന രീതിയിൽ ക്രമീകരിക്കുവാൻ കഴിയാതെ പോയതും വിദ്യാലയത്തെ കഴിഞ്ഞ മൂന്നു നാലു വർഷമായി പ്രതിസന്ധിയിലാക്കി. നിലവിൽ രക്ഷിതാക്കളുടെയും, അധ്യാപകരുടെയും, ഗ്രാമപഞ്ചായത്തിന്റെയും ആത്മാർത്ഥമായ ഇടപ്പെടലിന്റെ ഭാഗമായി ഈ പ്രതിസന്ധി മറിക്കടന്നു വിദ്യാലയം അക്കാദമിഭൗതികമികവിലുംമുറ്റേന്നംകൈവരിച്ചുമുന്നേറികൊണ്ടിരിക്കുകയാണ് .. കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ് . പ്രി-പ്രൈമറി വിഭാഗത്തിൽ കുട്ടികളുടെ എണ്ണം ഇരട്ടിയായി വർദ്ധിച്ചു. 24 -ൽ നിന്നും 46 ൽ എത്തി. ശീതീകരിച്ച ഹൈടെക് ക്ലാസ്സ്മുറികൾ, ശിശു സൗഹൃദ സംരക്ഷണമതിൽ , വർണ്ണ കൂടാരം,തുടങ്ങിമികച്ചപഠനാന്തരീക്ഷവും,ക്ലാസ്മുറിക്കകത്തുംപുറത്തുംനടപ്പിലാക്കുന്നമികച്ചഅക്കാദമികപിന്തുണാപ്രവർത്തനങ്ങളുംവരുംവർഷങ്ങളിൽവിദ്യാലയംവലിയമുന്നേറ്റംനടത്തുന്നതിനുകൂടുതൽപ്രതീക്ഷക്കുവകനൽകുന്നു.ഈലക്ഷ്യം സാധ്യമാക്കുന്ന തരത്തിലുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനിനാണു വിദ്യാലയം ഇപ്രാവശ്യം രൂപം നൽകിയിട്ടുള്ളത്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേരും അഡ്രസ്സും , | : | ജി.എൽ.പി സ്കൂൾ തേലക്കാട്, പട്ടിക്കാട് വഴി ,മലപ്പുറം 679 326 |
| സ്കൂൾ കോഡ് | : | 48 328 |
| സബ്ജില്ല | : | മേലാറ്റൂർ |
| റവന്യൂ ജില്ല | : | വണ്ടൂർ |
| വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| സ്ഥാപിതമായ വർഷം | : | 1956 |
| ഗ്രാമപഞ്ചായത്ത് | : | വെട്ടത്തൂർ |
| പാർലമെൻറ് മണ്ഡലം: | | മലപ്പുറം |
| നിയോജകമണ്ഡലം | : | പെരിന്തൽമണ്ണ |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| സ്കൂൾ ടൈപ്പ് | : | ഗവൺമെൻറ് |
| സ്കൂൾകാറ്റഗറി | : | 1-4 |
| ഹെഡ്മാസ്റ്ററുടെ പേര് | : | ശശി. വി. |
| ഹെഡ്മാസ്റ്ററുടെ ഫോൺ | : | 9446511480 |
| ഇമെയിൽ ഐഡി | : | glpsthelakkad42@gmail.com |

## അധ്യായം - 3

## അവസ്ഥ വിശകലനം

a)കുട്ടികളുടെ എണ്ണം

2021-2022

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| പ്രി- പ്രൈമി - | 13 | 15 | 28 |
| 1 | 15 | 11 | 26 |
| 2 | 13 | 06 | 19 |
| 3 | 08 | 13 | 21 |
| 4 | 18 | 11 | 29 |
| TOTAL | 67 | 56 | 123 |

**2022 – 2023**

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| - പ്രി- പ്രൈമറി | 13 | 10 | 23 |
| 1 | 06 | 09 | 15 |
| 2 | 15 | 11 | 26 |
| 3 | 14 | 06 | 30 |
| 4 | 07 | 11 | 18 |
| TOTAL | 55 | 47 | 102 |

**2023 - 2024**

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| പ്രി- പ്രൈമറി | 14 | 05 | 19 |
| 1 | 8 | 11 | 19 |
| 2 | 6 | 8 | 14 |
| 3 | 15 | 11 | 26 |
| 4 | 14 | 06 | 20 |
| TOTAL | 57 | 41 | 98 |

**2024 -2025**

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| പ്രി- പ്രൈമറി | 16 | 8 | 24 |
| 1 | 7 | 2 | 9 |
| 2 | 8 | 12 | 20 |
| 3 | 7 | 8 | 15 |
| 4 | 15 | 10 | 25 |
| TOTAL | 53 | 40 | 93 |

**2025-2026**

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| പ്രി- പ്രൈമറി | 25 | 21 | 46 |
| 1 | 07 | 07 | 14 |
| 2 | 07 | 02 | 09 |
| 3 | 8 | 12 | 20 |
| 4 | 6 | 10 | 16 |
| TOTAL | 53 | 52 | 105 |

**b)ജീവനക്കാരുടെ എണ്ണം, നിലവിലെ അവസ്ഥ.**

**പ്രധാനാധ്യാപകൻ,എൽ.പി.എസ്.ടി,അറബികടീച്ചർ,പ്രീപ്രൈമറിടീച്ചർ,ആയപി.ടി .സി.എം, കുക്ക് എന്നീ തസ്തികളിലായി ആകെ 11 പേർ നിലവിലുണ്ട്. അക്കാദമിക വർഷത്തിന്റെആരംഭത്തിൽതന്നെഎസ്ആർജികൂടിചുമതലവിഭജനംനടത്താറുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ, ക്ലാസ് മാസ്റ്റർപ്ലാൻ, വ്യക്തിമാസ്റ്റർ പ്ലാൻ എന്നിവ യഥാസമയംതയ്യാറാക്കുകയും അതിന്റെ മോണിറ്ററിങ് യഥാസമയം നിർവഹിക്കാറുണ്ട്. എല്ലാആഴ്ചയിലും എസ്ആർജി ചേർന്ന്പ്രവർത്തനങ്ങളുടെ**

വിലയിരുത്തലുംആസൂത്രണവുംനടത്തിവരുന്നു.അധ്യാപകർകലാകായികമേളയികളിലുംശാസ്ത്രഗണിതശാസ്ത്ര,പ്രവർത്തിപരിചിതമേളകളിലുംകുട്ടികളെപരിശീലിപ്പിക്കുകയും പങ്കെടുപ്പിക്കാറുമുണ്ട് സ്കൂളിനു സ്വന്തമായി ഒരു കളി സ്ഥലമില്ല എങ്കിലും കായിക മേളകളിൽമികച്ചരീതിയിൽപങ്കെടുക്കുന്നതിനുംനല്ലപ്രകടനംകാഴ്ചവയ്ക്കുന്നതിനുംസാധിച്ചിട്ടുണ്ട്. വിദഗ്ദരുടെ സേവനവും തൊട്ടടുത്ത വിദ്യാലയങ്ങളുടെ സൗകര്യങ്ങളും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. വിവിധ സബ് ജില്ല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന്ബ ഹുഭൂരിപക്ഷം വിദ്യാർഥികൾക്കും അവസരം ഉറപ്പാക്കുന്നതിനും വിദ്യാലയത്തിന്സാധിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമായി എൽ.പിവിഭാഗം തൊട്ടടുത്തുള്ളമദ്രസയിലും കെ.ജിവിഭാഗം സ്കൂളിനകത്തുള്ള കെട്ടിടത്തിലും പ്രവർത്തിക്കുന്നത് സ്കൂളിന്റെ പ്രവർത്തനങ്ങളെ സാരമായിബാധിക്കുന്നുണ്ട്. ഈ വർഷം സെപ്റ്റംബറോടുകൂടി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ കഴിയും എന്നപ്രതീക്ഷയിലാണ് വിദ്യാലയം.

## അധ്യായം - 4

വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

A - ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

- അധിക ക്ലാസ് മുറികളുടെ അപര്യാപ്തത - ശാസ്ത്ര ലാബ്, റീഡിംഗ് റൂം .
- കളിസ്ഥലം.
- വാഹന സൗകര്യം.
- ഭക്ഷണശാല.

B- രക്ഷിതാക്കളുടെ - സാമ്പത്തിക- സാമൂഹ്യ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.

- വിദ്യാഭ്യാസത്തിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് കുട്ടികൾക്കു വേണ്ടത്ര പിന്തുണ നൽകാൻ കഴിയുന്നില്ല.
- സാമ്പത്തികമായി ഇടത്തരം വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളാണ് ഭുരിപക്ഷം പേരും - ഇതുകൊണ്ട് തനതു പ്രവർത്തനങ്ങൾ,മേളകളിലും മറ്റും പരിശീലനം നൽകാൻ വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു.

C- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾ.

- വേണ്ടത്ര പഠനോപകരണങ്ങൾ സജ്ജമാക്കാൻ കഴിയുന്നില്ല.
- സ്പെഷ്യൽ ടീച്ചേഴ്സിന്റെ സേവനം ലഭ്യമല്ല.
- CWSN –ടോയ്ലറ്റിന്റെ അഭാവം.

D-അക്കാദമിക വെല്ലുവിളികൾ.

•പഠന വേഗത കുറഞ്ഞ കുട്ടികൾക്ക് മറ്റു കുട്ടികളോടൊപ്പം എത്താൻ കഴിയാത്ത അവസ്ഥ.

•വായനാ ലേഖനം എന്നീ മേഖലകളുടെ പരിപോഷണം.

• ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗികപ്രശ്നങ്ങൾ കൈകാര്യം ചെയ്യലും ഗണിത പഠനം ആസ്വാദ്യകരമാക്കലും.

•ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശേഷി നേടൽ.

•പരീക്ഷണ നിരീക്ഷണങ്ങളിലൂടെശാസ്ത്രബോധവും പാരിസ്ഥിക അവബോധവും കുട്ടികളിൽ വളർത്തിയെടുക്കൽ.

## അധ്യായം -5

2024- 25- അക്കാദമിക മാസ്റ്റർ പ്ലാൻ അവലോകനം.

2024- 25 വർഷത്തെ അക്കാദമ മാസ്റ്റർ പ്ലാനിൽ ലക്ഷ്യമിട്ട പദ്ധതികളിൽ മിക്കതും പൂർണമായും നടപ്പിലാക്കാൻ കഴിഞ്ഞു.ഭാഷാ വികാസത്തിനായുള്ള ''My own House Library" കുട്ടികളുടെ ആരോഗ്യപരിപാലനത്തിന് ആസൂത്രണം ചെയ്ത ''രുചി " കുട്ടികളെ അറിഞ്ഞു പഠിപ്പിക്കുക എന്ന ലക്ഷ്യം വെച്ചു കൊണ്ടുള്ള സമേതം സമ്പൂർണ്ണ ഗൃഹ സന്ദർശന പരിപാടി എന്നിവ വിജയകരമായി നടപ്പിലാക്കി . ടാലന്റ് ലാബിന്റെ കീഴിൽ കായിക പരിശീലനം, പ്രവർത്തിപരിചയ ശില്പശാല, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്,പ്രതിഭാ പരിശീലന കളരി എന്നിവ സംഘടിപ്പിച്ചു.

നേട്ടങ്ങൾ

• എഴുത്ത്, വായന എന്നിവയിൽ കുട്ടികൾ മികവ് പുലർത്തി.

• പഠന പരിപോഷണ പരിപാടികളിലൂടെ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിച്ചു.

• കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിച്ചു.

• ടാലന്റ്ലാബ് പ്രവർത്തനത്തിലൂടെ എല്ലാ കുട്ടികൾക്കും കല-കായിക ശാസ്ത്ര മേളകളിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിച്ചു.

• സമേതം ഗൃഹസന്ദർശന പരിപാടിയിലൂടെ മികച്ച ഗൃഹാന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചു.

• രുചി സമ്പൂർണ്ണ ആരോഗ്യ പരിപാലന പരിപാടി വിജയകരമായി പൂർത്തീകരിക്കുവാൻ സാധിച്ചു.

• ദിനാചരണങ്ങൾ / ആഘോഷങ്ങൾ എന്നിവയിൽ പൊതു സമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പിക്കുവാൻ സാധിച്ചു.

• പ്രതിഭാപരിശീലനങ്ങൾ സ്ഥിര സംവിധാനമാക്കി മാറ്റാൻ കഴിഞ്ഞു. ഇതിലൂടെ മത്സര പരീക്ഷകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ സാധിച്ചു.

പരിമിതികൾ

• സഹായ സമിതികളുടെ പിന്തുണ പര്യാപ്തമല്ല

▪ എല്ലാ കുട്ടികൾക്കും വീടുകളിൽ പഠനത്തിനനുയോജ്യമായ പഠന സാമഗ്രികൾ, സൗകര്യങ്ങൾ ലഭ്യമല്ല.

▪ ഇംഗ്ലീഷ് ഭാഷയിൽ പ്രതീക്ഷിത നിലവാരത്തിലുള്ള ആശയവിനിമയശേഷി കൈവരിച്ചിട്ടില്ല.

▪ നിരന്തര വിലയിരുത്തൽ, മോണിറ്ററിംഗ് എന്നിവ കൃത്യമായി നടത്താൻ കഴിഞ്ഞിട്ടില്ല.

## അധ്യായ - 6

**2025- 26** - വർഷത്തെ കാഴ്ചപ്പാട്.

തേലക്കാട് എൽ പി. സ്കൂളിൽ 2025- 26 അധ്യായനവർഷത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കുംഉയർന്നപഠനനിലവാരംഉറപ്പാക്കേണ്ടതുണ്ട്.ഇതിനായിആസൂത്രിതമായ പരിപാടികൾ ആവശ്യമാണ് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികൾക്ക് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. കഴിഞ്ഞവർഷംആർജ്ജിച്ചഎല്ലാനേട്ടങ്ങളുംകൂടുതൽശക്തിപ്പെടുത്തുന്നതോടൊപ്പംഎല്ലാപരിമിതികളും,പ്രശ്നങ്ങളുംപൂർണ്ണമായുംഈഅധ്യയനവർഷംമറികടക്കാനാകണം. .

മത്സരാധിഷ്ഠിതമായഈലോകത്ത്ജീവിക്കുന്നതിന്ആവശ്യമായശേഷികൾകുട്ടികൾആർജിക്കണമെങ്കിൽനമ്മുടെവിദ്യാലയംഅന്തർദേശീയനിലവാരമുള്ളവിദ്യാലയമായിമാറേണ്ടതുണ്ട്. അതിന് അക്കാദമികവും മൗലികവുമായ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗകര്യം ഒരുക്കുക പ്രത്യേക പരിശീലപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക, ദിനാചരണങ്ങളെ പാഠഭാഗങ്ങളുമായി ബന്ധിപ്പിക്കുക, ക്ലാസ് ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് അധിക പരിശീലനം നൽകുക ,കുട്ടികളെ മത്സരപരീക്ഷകൾക്ക് തയ്യാറാക്കുക, കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന്പ്രത്യേകപരിപാടികൾ ആസൂത്രണം ചെയ്യുക. ശാസ്ത്രബോധമുള്ള തലമുറയെ വാർത്തെടുക്കുക, ജനാധിപത്യപരവും മതേതരവുമായ മൂല്യങ്ങൾ കുട്ടികളിൽ അരക്കിട്ടുറപ്പിക്കുക, ശുചിത്വബോധം പാരിസ്ഥിതികഅവബോധംഎന്നിവകുട്ടികളിൽവളർത്തിയെടുക്കുക,വിദ്യാലയവുംസമൂഹവുമായുള്ളബന്ധംശക്തിപ്പെടുത്തുക,അധ്യാപകരുടെയുംഅക്കാദമികവും സാങ്കേതികവുമായ അറിവുകളെ കാലാനുസൃതമാക്കുക മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷാശേഷികൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക, എസ് .ആർ . ജി, ക്ലാസ് പി.ടി.എ എന്നിവ ശക്തിപ്പെടുത്തുക തുടങ്ങിയഒരുപാട്പ്രവർത്തനങ്ങൾഫലപ്രദമായആസൂത്രണംചെയ്ത്നടപ്പിലാക്കേണ്ടതുണ്ട്.

ഓരോകുട്ടിയും അറിവിന്റെ നിർമ്മാതാക്കളാണ്. എല്ലാകുട്ടികളിലും ഉള്ള സഹജമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുവാനും വിദ്യാലയത്തിൽ എത്തുന്ന മുഴുവൻ കുട്ടികളെയും പഠന മികവിൽ കൂടുതൽ മുന്നോട്ട്പോകാൻ തക്കവിധം ക്ലാസ്മുറികളെ സജ്ജീകരിക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം ഒട്ടേറെ നൂതന പ്രവർത്തനങ്ങൾ ഈ അധ്യയന വർഷം ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്.

## പൊതു ലക്ഷ്യങ്ങൾ

1) സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പ് വരുത്തൽ.

2) എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബിക് ഭാഷകൾ സംസാരിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തൽ.

3) എല്ലാ കുട്ടികൾക്കും അടിസ്ഥാന ഗണിത ശേഷികൾ കൈവരിച്ചു വെന്ന് ഉറപ്പുവരുത്തും.

4) ശാസ്ത്ര പഠനത്തിൽ താലപര്യമുണർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കൽ.

5) അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി പഠന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കൽ.

6) കുട്ടികളുടെ സർഗ്ഗശേഷികൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ടാലന്റ്ലാബിലൂടെ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ.

7) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തും.

8) ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കും. ശുചിത്വ വിദ്യാലയം സുന്ദര വിദ്യാലയം എന്ന കാഴ്ചപ്പാട് പ്രാവർത്തികമാക്കൽ.

**2025 - 2026 അക്കാദമിക പദ്ധതികളുടെ പട്ടിക**

✅ വായനാ മഹോത്സവം

→ കുട്ടികളിൽ വായനാശീലം വളർത്താൻ വൈവിധ്യമാർന്ന പരിപാടികൾ.

✅ രചനോത്സവം

→ ശൈലിപരമായ ഭാഷാ പുരോഗതി, രചനാ കഴിവ് വളർത്താൻ.

✅ സർഗ്ഗോത്സവം

→ കല, സാഹിത്യം, ശാസ്ത്രം എന്നിവയുടെ സമന്വയത്തിലൂടെ കുട്ടികളുടെ സർഗ്ഗശേഷി കണ്ടെത്താൻ.

✅ മധുരിക്കും ഗണിതം

→ ഗണിതഭയമില്ലാതെ സുഖകരമായ രീതിയിൽ ഗണിതം പഠിക്കാൻ പ്രവർത്തനപരമായ പരിപാടികൾ.

✅ ശാസ്ത്രജാലകം

→ ശാസ്ത്ര താൽപ്പര്യം വളർത്താൻ പരീക്ഷണങ്ങൾ, പ്രദർശനങ്ങൾ, ശാസ്ത്ര മത്സരങ്ങൾ.

✅ എളുപ്പമുള്ള ഇംഗ്ലീഷ്

→ കുട്ടികൾക്ക് ആശയവിനിമയം മിതമായി ഇംഗ്ലീഷ് ഭാഷയിൽ നടത്താൻ സഹായകമായ പരിപാടികൾ.

✅ പ്രീ-പ്രൈമറി വികസനം - പാട്ടരങ്ങ് / കാവ്യോത്സവം

പ്രാഥമിക പടവുകളിൽ കുട്ടികളുടെ ഭാഷാ-സാമൂഹ്യവികസനത്തിന് സംഗീതം, കവിതകൾ ഉൾപ്പെടുത്തി.

✅പഠന പരിപോഷണം

I -പ്രതിഭ പരിശീലനം &

പ്രത്യേക കഴിവുള്ള കുട്ടികൾക്കായി ശാസ്ത്രീയ പരിശീലന പരിപാടികൾ.

II -ഉണർവ് (വിജയസ്പർശം)

→ പഠനത്തിലും വ്യക്തിത്വവികസനത്തിലും കുട്ടികളെ മുൻപോട്ടെടുക്കാൻ പ്രത്യേക സഹായം.

✅ശില്പശാലകൾ (Workshops)

നൈപുണ്യ വികസനം ലക്ഷ്യമിട്ട് വിവിധ വിഷയങ്ങളിൽ ശിൽപശാലകൾ.

✅കായികക്ഷമത

→ ആരോഗ്യവളർച്ചയ്ക്കുംചാരിതാർത്ഥ്യത്തിനും കായിക പരിശീലനവും മത്സരങ്ങളും.

✅ ദിനാചരണങ്ങളും , ആഘോഷങ്ങളും

കുട്ടികൾക്ക്പ്രധാനപ്പെട്ട

ദേശീയ, അന്തർദേശീയ ദിനങ്ങളെ കുറിച്ചുള്ള ബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ സംഘടിപ്പിക്കൽ.

# അധ്യായം-7

## ഭാഷാ ശാക്തീകരണ പ്രവർത്തനങ്ങൾ ( മലയാളം)

1 -വായനാ മഹോത്സവം

### ലക്ഷ്യങ്ങൾ

1) എല്ലാ വീടുകളിലും കുഞ്ഞുലൈബ്രറികൾ ആരംഭിക്കൽ - ശാക്തീകരിക്കൽ.

2) എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാക്കൽ.

3) ലഘുസാഹിത്യകൃതികൾ ,ബാല പ്രസിദ്ധീകരണങ്ങൾ എന്നിവ വായിച്ച് ആസ്വദിക്കുന്നതിന് .

4) കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് .

5) വായനയുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

6) അറിവു നിർമ്മാണ പ്രക്രീയയുമായി ബന്ധപ്പെട്ട് വായനയുടെയും ലേഖനത്തിന്റെയും മികവുകൾ, നിലവാരം എന്നിവ സ്വയം വിലയിരുത്തുന്നതിനും ചെച്ചപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

I-വീട്ടിൽ ഒരു ലൈബ്രറി

→എല്ലാ വീടുകളിലും ചെറിയ തരത്തിൽ ലൈബ്രറി സജ്ജമാക്കും ഇതിനായി വീട്ടിൽ ഒരു ചെറിയ ഇടം കണ്ടെത്തും എല്ലാ കുട്ടികൾക്കും അഞ്ചു പുസ്തകങ്ങൾ വീതം വിതരണം ചെയ്യും.

→ കുട്ടികളുടെ ജന്മദിനത്തിന് ഒരു പുസ്തകംലൈബ്രറിയിലേക്ക് സംഭാവന നൽകുന്ന പദ്ധതി നടപ്പിലാക്കും.

→പഴയ ടെസ്റ്റ് ബുക്കുകൾ ബാല പ്രസിദ്ധീകരണങ്ങൾ എന്നിവ ശേഖരിച്ച് വീട്ടിലെ ലൈബ്രറികൾ വിപുലീകരിക്കും.

→പുസ്തകങ്ങൾ വാങ്ങുന്നതിനായി സ്കൂളിൽ പുസ്തകമേള സംഘടിപ്പിക്കും.

→കുട്ടികൾക്ക് സ്വതന്ത്രമായി പുസ്തകങ്ങൾ കൈമാറ്റംചെയ്യുന്നതിനുള്ളഅവസരം അവസരം ഒരുക്കും.

→വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക വിതരണ രജിസ്റ്റർ എല്ലാ ക്ലാസുകളിലും ക്രീകരിക്കും.

→ഓരോ വീടുകൾക്കും യോജിച്ച രീതിയിൽ വായനയ്ക്ക് പ്രത്യേക സമയം നിശ്ചയിക്കും

→എല്ലാ രക്ഷിതാക്കൾക്കും സ്കൂൾ ലൈബ്രറിയിൽ അംഗത്വം നൽകും ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കും.

→എല്ലാ രക്ഷിതാക്കൾക്കും, കുട്ടികൾക്കും എല്ലാ മാസവും പ്രത്യേക വായനാ മത്സരങ്ങളും ഓൺലൈൻ ക്വിസുകളും സംഘടിപ്പിക്കും. പ്രവർത്തനങ്ങൾ.

• സർഗ്ഗാത്മക ഡയറി എഴുത്ത്.

▪ മികച്ച ഡയറിക്കുറിപ്പുകളുടെ പ്രസിദ്ധികരണം .

▪ സർഗ്ഗാത്മക മണിക്കൂർ - ആഴ്ചയിൽ ഒരു മണിക്കൂർ - സാഹിത്യ രചനകൾക്ക്. ഓരോ ആഴ്ചയിലും ഓരോ വ്യവഹാര രൂപം. വ്യവഹാര രൂപം മുൻകൂട്ടി നൽകുന്നു - സവിശേഷതകൾ രചനാ നിർവഹണത്തിന്റെ മുമ്പായി കൃത്യമായി പരിചയ പ്പെടുത്തുന്നു.

▪ സ്വതത്രരചനകൾ പൊതു അവതരണം - മാസാവസാനം പതിപ്പിക്കൽ.

▪ - എഴുത്തുകൂട്ടം ശില്പശാലകൾ സംഘടിപ്പിക്കും.

▪ ശില്പശാലയിൽ വിദഗ്ദരുടെ സാന്നിധ്യത്തിൽ രചനകൾക്ക് അവസരം.

▪ഫെബ്രുവരി മാസത്തിൽ ഓരോ കുട്ടിയും അവരവരുടെ സർഗാത്മക രചനകൾ ക്രോഡീകരിക്കുന്നു വ്യക്തിഗത പതിപ്പ് തയ്യാറാക്കുന്നു

▪ ഫെബ്രുവരി- മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട രചനകൾ സ്കൂൾതലത്തിൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു. പഠനോത്സവത്തിൽ പ്രകാശനം ചെയ്യുന്നു.

➡ ജനുവരി - ഫെബ്രുവരി മാസങ്ങളിൽ എല്ലാ വീടുകളിലെയും ലൈബ്രറി സന്ദർശിക്കുകയും മികച്ച ഗൃഹലൈബ്രറികൾക്ക് പ്രോത്സാഹന സമ്മാനം നൽകുകയും ചെയ്യും.

II - രചനോത്സവം & സർഗ്ഗോത്സവം '

ലക്ഷ്യങ്ങൾ

1)ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകൾ ആക്കുന്നതിന്

2)തന്റെ അനുഭവങ്ങൾ സർഗ്ഗാത്മകമായി ആവിഷ്കരിക്കുന്നതിന്.

3) കുട്ടികളുടെ സ്വതന്ത്രരചനാ ശേഷി വർദ്ധിപ്പിക്കുന്നതിന് .

പ്രവർത്തനങ്ങൾ

▪ സർഗ്ഗാത്മക ഡയറി എഴുത്ത്.

▪ മികച്ച ഡയറിക്കുറിപ്പുകളുടെ പ്രസിദ്ധികരണം .

▪ സർഗ്ഗാത്മക മണിക്കൂർ - ആഴ്ചയിൽ ഒരു മണിക്കൂർ - സാഹിത്യ രചനകൾക്ക്. ഓരോ ആഴ്ചയിലും ഓരോ വ്യവഹാര രൂപം. മുൻകൂട്ടി നൽകുന്നു - സവിശേഷതകൾ രചനാ നിർവഹണത്തിന്റെ മുമ്പായി കൃത്യമായി പരിചയ പ്പെടുത്തുന്നു.

▪ സ്വതത്രരചനകൾ പൊതു അവതരണം - മാസാവസാനം പതിപ്പിക്കൽ'

▪ 5 - എഴുത്തുകൂട്ടം ശില്പശാലകൾ സംഘടിപ്പിക്കും.

▪ ശില്പശാലയിൽ വിദഗ്ദരുടെ സാന്നിധ്യത്തിൽ രചനകൾക്ക് അവസരം.

▪ഫെബ്രുവരി മാസത്തിൽ ഓരോ കുട്ടിയും അവരവരുടെ സർഗാത്മക രചനകൾ ക്രോഡീകരിക്കുന്നു വ്യക്തിഗത പതിപ്പ് തയ്യാറാക്കുന്നു

▪ ഫെബ്രുവരി- മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട രചനകൾ സ്കൂൾതലത്തിൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു. പഠനോത്സവത്തിൽ പ്രകാശനം ചെയ്യുന്നു.

# അധ്യായം - 8

## - മധുരിക്കും ഗണിതം'

( ഗണിത പരിപോഷണ പരിപാടികൾ)

ലക്ഷ്യങ്ങൾ

1)ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ അനായാസേന നിർദ്ധാരണം ചെയ്യുന്നതിന്.

2)എല്ലാ കുട്ടികളെയും മന ഗണിതത്തിലൂടെ ഗണിത ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക

3) ജ്യാമിതീയ രൂപങ്ങൾ ഭിന്നസംഖ്യകൾ കലണ്ടർ സമയം അളവുകൾ തൂക്കങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം ഗണിത പഠനം ആസ്വാദ്യകരമാക്കുന്നതിന് '

4)ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്.

പ്രവർത്തനങ്ങൾ

>ലളിത പഠനത്തിനും യുക്തിചിന്താ വളർച്ചക്കും സഹായകമായ പഠനസമിതികൾ ക്രമീകരിക്കും.

>പുതിയ ക്ലാസ് പുതിയ ക്ലാസ് മുറികളെ സെപ്റ്റംബർ മാസം മുതൽ ഗണിതവൽക്കരിക്കും.

>എല്ലാ ടീമിലും ഗണിത ശില്പശാലകൾ സംഘടിപ്പിക്കും.

>വളരുന്ന ഗണിത കിറ്റ്എന്നആശയം നടപ്പിലാക്കും1)ലളിത പഠനത്തിനും യുക്തിചിന്താ വളർച്ചക്കും സഹായകമായ പഠനസമിതികൾ ക്രമീകരിക്കും.

>ഗണിതഫലുകൾ പാറ്റേണുകൾ മാന്ത്രിക രൂപങ്ങൾ എന്നിവയുടെയെല്ലാം വിശകലനത്തിനും നിർധാരണത്തിനും പ്രാപ്തി ഉണ്ടാകും

>ചതുഷ്ക്രിയകൾ വിവിധ രീതികളിൽ
പരിചയപ്പെടുന്നതിനും,മനഗണിതത്തിലൂടെ യുള്ള പ്രശ്നം വിശകലനം,

നിർധരണം ചെയ്യുന്നവിധം എന്നിവ പരിചയപ്പെടുത്തുന്നതിനു വിദഗ്ധ ക്ലാസുകൾ സംഘടിപ്പിക്കും.

## അധ്യായം - 9

### IV- ശാസ്ത്രജാലകം

**(ശാസ്ത്ര പഠനം സജ്ജമാക്കൽ )**

**ലക്ഷ്യങ്ങൾ**

**1)കുട്ടികളിൽ ശാസ്ത്രബോധം ശാസ്ത്ര അഭിരുചി ,നിരീക്ഷണ പാടവം എന്നിവ വളർത്തിയെടുക്കൽ.**

**2 )ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് .**

**3) കുട്ടി ശാസ്ത്രജ്ഞൻമാരെ വളർത്തിഎടുക്കൽ.**

## പ്രവർത്തനങ്ങൾ

**>ഓരോ യൂണിറ്റിലും ചെയ്യാൻ കഴിയുന്ന ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.**

**(യൂണിറ്റ് - പരീക്ഷണം - ആവശ്യമായ പരീക്ഷ സാമഗ്രികൾ.)**

**>ശാസ്ത്ര സാമഗ്രികളടങ്ങിയശാസ്ത്ര സഞ്ചികൾ / കുട്ടകൾ സജ്ജമാക്കൽ.**

**> അവതരണത്തിനു പൊതുപരീക്ഷണയിടം സജീകരിക്കൽ**

**> കുട്ടി ശാസ്ത്രജ്ഞൻമാരെ കണ്ടെത്തി പ്രഖ്യാപിക്കൽ അവാർഡുകൾ നൽകൽ**

**>പക്ഷി നിരീക്ഷണം സജീവമാക്കാൻ പക്ഷികൾക്ക് കോടൊരുക്കൽ**

**>വിവിധയിനം ആൽബങ്ങൾ തയ്യാറാക്കൽ**

**>കൂതല ശാസ്ത്രോത്സവം സംഘടിപ്പിക്കൽ**

### Chapter - 10: Easy English

**Aims:**

**1) To enable the child to use the English language with confidence and without fear.**

**2) To help the child achieve language proficiency by preparing functional forms like notes, notices, descriptions, and conversations in English.**

**3) Enable all children to communicate in English.**

**I-English Galaxy ✸**

**>A creative English-rich learning environment**

🚀 **Activities:**

**1).Word Universe**

**>Exhibit names of things in the classroom and school compound in English with labels and flashcards.**

**2).ICT Wonders**

**>Listen to stories, rhymes, skits, and conversations using ICT tools like projectors, tablets, and audio systems.**

**3).Film Friday**

**>Watch short English films or animated stories weekly to improve listening and comprehension.**

**4).Hello English Time**

**>Conduct games, action songs, and language-based activities to promote joyful learning.**

**5).English Assembly**

**>Present speeches, songs, thought of the day, and word of the day in English during school assembly.**

**6).Reading Galaxy**

**>Use evolving reading cards and arrange flashcards to promote word recognition and sentence building.**

**II - English Express Stage**

**For all classes – from Class 1 to Class 4**

**To be used for the following activities:**

- **Self-introduction**
- **Introducing friends and others**
- **Describing things and pictures**
- **Presentation of results and items**
- **Parcel speech (speaking on a random topic from a box)**
- **Talking about likes and dislikes▪ Telling stories**
- **Choreography**
- **Role Play**

**III -Creative Corners**

**"Where English Comes Alive through Art and Imagination!"**

**A special space in the classroom or school dedicated to creative and language-enriching activities like:**

◆Making greeting cards, posters, sketches

◆ Creating picture dictionaries, word webs, and word lines

◆ Practicing conversation building and riddles

## അധ്യായം – 11

### പ്രീ--പ്രൈമറി വികസനം

അച്ഛനും അമ്മയും ഉൾപ്പെടെയുള്ള കുടുംബബന്ധങ്ങളുടെ വാത്സല്യത്തിന്റെ തണലിൽ നിന്ന് കുട്ടികൾ സമൂഹത്തിലെ വെയിലും മഴയുമായി പൊരുത്തപ്പെട്ട് ജീവിക്കാൻപഠിക്കുന്നആദ്യഘട്ടമാണ്പ്രീപ്രൈമറിവിദ്യാഭ്യാസം.ഒരുനിബന്ധനകളും കർശനതകളുമില്ലാതെ പ്രിയപ്പെട്ടവരുടെ കൂടെസന്തോഷത്തോടെജീവിച്ചിരുന്ന കുഞ്ഞ്,ഈഘട്ടത്തിന്ശേഷംസാമൂഹ്യജീവിതത്തിന്റെവൈവിധ്യസ്ഥതകളെഅനുസരിച്ച്പൊരുത്തപ്പെടേണ്ടഅവസ്ഥയിലാണ്എത്തുന്നത്.അതിനാൽ,ഒരുസ്വാഭാവികവും സ്നേഹപൂർണ്ണവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതായിരിക്കണം പ്രീ-പ്രൈമറി ക്ലാസുകളുടെ മുഖ്യലക്ഷ്യം.

"സ്നേഹമാണ് ഭാഷ, കളിയാണ് രീതി" എന്ന ശൈലിയിലാണ് ഈ ഘട്ടത്തിലെ പ്രവർത്തനങ്ങൾആസൂത്രണംചെയ്യേണ്ടത്.പ്രീപ്രൈമറിവിദ്യാഭ്യാസം,പൊതുവായി, കുട്ടിയുടെ ബഹുമുഖവികാസം ലക്ഷ്യമിടുന്നു.അത് എന്നാൽകുട്ടിയുടെശാരീരികം, ഭാഷാപരം,സാമൂഹികം,സാംസ്കാരികം,കലാപരം,സന്മാർഗപരംഎന്നിവയുള്പ്പെടെയുള്ള വികസനങ്ങളാണ് ഉൾക്കൊള്ളേണ്ടത്.

ലക്ഷ്യങ്ങൾ

1) സ്ഥലസൂക്ഷ്മവികസനം

2) ആശയവിനിമയ ശേഷി വർദ്ധിപ്പിക്കൽ

3) ആരോഗ്യശീലങ്ങളുടെ വികസനം

4)വർഗ്ഗീകരണ ശേഷിയുടെ (Classification Skill) വളർച്ച

പ്രധാന പ്രവർത്തനങ്ങൾവ്യത്യസ്തമായ അനുഭവ ഇടങ്ങൾ ക്രമീകരിക്കൽ:

ഭാഷയിടം,വരയിടം,നിർമ്മാണയിടം,കരകൗശലഇടം,ഇഇടം(Ezone),കളിയിടം,ഹരിതയിടം,പഞ്ചേന്ദ്രിയയിടം,ഗണിതയിടം,ശാസ്ത്രയിടം,കുഞ്ഞരങ്ങ്,ആട്ടവും പാട്ടവും

പ്രധാന പ്രവർത്തനങ്ങൾ

1. ഭാഷയിടം (Language Corner)

▪ ചിത്രം കാണിച്ച് വാക്കുകൾ പറയിക്കൽ

▪ കഥ പറയൽ / കഥ സൃഷ്ടിക്കൽ

▪ അക്ഷരങ്ങൾ പതിപ്പിക്കൽ (Letter Tracing)

▪ റൈംസ് / ആക്ഷൻ പോയംസ്

2. വരയിടം (Drawing Corner)

▪ സ്വതന്ത്രമായി വരയ്ക്കൽ

▪ വർണ്ണങ്ങൾ ചേർത്ത് ചിത്രങ്ങൾ പൂർത്തിയാക്കൽ

▪ ചിത്രത്തിന് പേരിടൽ

▪ ഉണർത്തുന്ന വരകൾ (Creative Scribbling)

3. നിർമ്മാണയിടം (Construction Area)

▪ ബ്ലോക്ക് കളികൾ (Block Building)

▪ കളിമണ്ണ് ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ

▪ കബ്ബ്, ബോക്സ് എന്നിവ ഉപയോഗിച്ച് ടവറുകൾ നിർമ്മിക്കൽ

4. കരകൗശല ഇടം (Craft Corner)

▪ പേപ്പർ ഫോൾഡിംഗ് (Origami)

▪ ഒട്ടിക്കുന്ന പ്രവർത്തനങ്ങൾ (Pasting Activities)

▪ കട്ടിംഗ് ആൻഡ് സ്റ്റിക്കിങ് പ്രവർത്തനങ്ങൾ

▪ മാസ്ക്, ക്രൗൺ, കാർഡുകൾ എന്നിവ നിർമ്മിക്കൽ

5. ഇ-ഇടം (E-Zone / Digital Corner)

▪ ടാബിൽ അധ്യായന ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് കളി

▪ ക്ലാസ് റൂം പ്രൊജക്ടറിൽ സ്റ്റോറിയും ആക്ഷൻ റൈമ്സും കാണിക്കൽ

▪ സിംപിള് ഗെയിമുകൾ (കിട്സ്-ഫ്രണ്ട്ലി ആപ്പ്)

6. കളിയിടം (Play Area)

▪ ബോൾ തട്ടി അക്ഷരം പറഞ്ഞു പറയൽ

▪ ഗ്രൂപ്പ് ആക്ഷൻ ഗെയിമുകൾ

▪ റിംഗ് ടോസ്, ജംപ്പ് ആൻഡ് കൗണ്ട്, ഹാപ്പി സ്റ്റെപ്പ്സ്

▪ ക്രിയാത്മക കളികൾ (Role Play, Pretend Play)

7. ഹരിതയിടം (Green Zone)

▪ ചെടി നട്ടുപിടിപ്പിക്കൽ

▪ തൈകൾക്ക് വെള്ളം നൽകൽ

▪ ഇലയും പുഷ്പവും ശേഖരിച്ച് ആൽബം തയ്യാറാക്കൽ

8. പഞ്ചേന്ദ്രിയയിടം (Sensory Corner)

▪ മൺ, മണൽ, വെള്ളം എന്നിവ ഉപയോഗിച്ച് സെൻസറി ഗെയിമുകൾ

▪ സൗരഭ്യങ്ങൾ തിരിച്ചറിയൽ (Smell Test)

▪ തൊട്ടറിയുന്ന പരീക്ഷണങ്ങൾ (Texture Tray)

9. ഗണിതയിടം (Maths Corner)

▪ എണ്ണി ഗ്രൂപ്പുചെയ്യൽ (Counting and Sorting)

▪ രൂപം തിരിച്ചറിയൽ ഗെയിമുകൾ

10. ശാസ്ത്രയിടം (Science Zone)

▪ ലളിത പരീക്ഷണങ്ങൾ (Water Sink-Float, Magnet Games)

▪ പ്രകൃതിദൃശ്യങ്ങൾ നിരീക്ഷിക്കൽ

11. കുഞ്ഞരങ്ങ് (Mini Stage)

▪ കാവ്യാചരണം

▪ ലഘു enactment (ചെറിയ കഥകളുടെ enactment)

▪ ആക്ഷൻ ഗാനങ്ങൾ അവതരിപ്പിക്കൽ

12. ആട്ടവും പാട്ടവും (Music & Movement Corner)

▪ ആക്ഷൻ റൈമുകൾ

▪ നൃത്തം പഠിക്കൽ

▪ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ശബ്ദം നിർമാണം

## അധ്യായം - 12

### പഠന- പരിപോഷണ പരിപാടികൾ

- പ്രതിഭാപരിശീലനം

(Talent Training / Enrichment Programme)

🎯 ലക്ഷ്യങ്ങൾ:

1)യുക്തിശക്തിയും ശാസ്ത്രബോധവും വളർത്തുക

**2)മത്സര പരീക്ഷകൾക്കായി കുട്ടികളെ തയ്യാറാക്കുക**

**പ്രധാന പ്രവർത്തനങ്ങൾ**

**I. പ്രതിവാരം ചോദ്യമേള (Weekly Quiz Hour)**

**>ക്ലാസ് തലത്തിൽ ഒരാഴ്ചയിൽ ഒരു ദിവസം 10-മിനിട്ട് ക്വിസ്**

**(GK, കേരളം, ഇന്ത്യ, ശാസ്ത്രം, കലയും കായികവും.)**

**2. സങ്കല്പമേഖലകളിലൂടെ പഠനം (Concept-based Learning Corners)**

**>ലളിതമായ ഗണിത/ശാസ്ത്ര സങ്കല്പങ്ങൾ പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും**

**ഉദാ: "പ്രകാശം എങ്ങനെ വിടരുന്നു", "തൂക്കം എങ്ങനെ വരുന്നു" മുതലായ**

**ലഘുപ്രയോഗങ്ങൾ**

**3. പഠനയാത്ര (Mini Educational Tour)**

**>പഞ്ചായത്ത് ഓഫീസ്,, കൃഷിഭവൻ വില്ലേജ് ഓഫീസ്, ആരോഗ്യ കേന്ദ്രം, ഫയർ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശനം.**

**4. മത്സര പരീക്ഷ പരിശീലനം** (Exam Readiness Programme)

**>എൽ. എസ്. എസ്.വിദ്യാരംഗം, അക്ഷരമുറ്റം, ശാസ്ത്ര ക്വിസ് തുടങ്ങിയവക്കുള്ള പരിശീലനം.**

**5. പ്രശ്ന പരിഹാര പ്രവർത്തനം** (Puzzle & Reasoning Time)

**6. ശാസ്ത്ര സന്ധ്യകൾ / കളിച്ചിരി ശാസ്ത്രം** (Science Evenings / Fun with Science)

**>ശാസ്ത്ര വിചിത്രങ്ങൾ, ലഘു പ്രയോഗങ്ങൾ (soap bubble, magnet magic, air pressure tricks)**

**7. "നാം അറിയേണ്ട കാര്യങ്ങൾ" –**

**8. •ദിനവിശേഷങ്ങൾ**

**(ഓരോ ദിവസവും ബോർഡിൽ പ്രദർശനം )**

**8. "Talent Time" – പ്രതിമാസ അവതരണവേള**

**>ഓരോ മാസവും കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം**

**I- ഉണർവ്**

**(വിജയഭേരി, വിജയ സ്പർശം )**

**ലക്ഷ്യങ്ങൾ**

**1)പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠന നേട്ടം ഉറപ്പാക്കൽ**

>പഠന വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണനയും  നൽകിപഠന നേട്ടങ്ങൾ ഉറപ്പാക്കൽപ്രവർത്തനങ്ങൾ

>സമേതം -  പഠനാന്തരീക്ഷം ഉറപ്പാക്കാനുള്ളഗൃഹസന്ദർശന പരിപാടി.

> പഠന നില കണ്ടെത്താൻ പ്രീ- ടെസ്റ്റുകൾ

> പ്രത്യേക പ്രവർത്തന മൊഡ്യൂളുകൾ തയ്യാറാക്കിവർക്ക് ബുക്ക് രൂപത്തിൽ പ്രിന്റ് ചെയ്തു നൽകൽ.

> രക്ഷാകർത്തൃ പരിശീലനം - വർക്ക്ബുക്ക് പരിചയപ്പെടൽ.

> പഠന സാമാഗികൾ, പഠനോപകരണങ്ങൾ എന്നിവ തയ്യാറാക്കാൻ പ്രത്യേക ശില്പശാലകൾ

> ഓരോ യൂണിറ്റിലും ഉപയോഗിക്കേണ്ട ഡിജിറ്റൽ റിസോഴ്സ് J വായനാ കാർഡുകൾ, വർക്ക്ഷീറ്റുകൾ എന്നിവ കണ്ടെത്തി ക്രമീകരിക്കൽ

## അധ്യായം – 13

## ശില്പശാലകൾ**

ലക്ഷ്യങ്ങൾ

◆ കുട്ടികളുടെ സൃഷ്ടിപരമായ മനസ്സും കാഴ്ചപ്പാടും വളർത്തുക

◆ വരയ്ക്കൽ, കയ്യാലുണ്ടാക്കൽ, പുനരുപയോഗ പ്രവർത്തികൾ എന്നിവയിലൂടെ പഠനം ആസ്വാദ്യകരവും ആഴമുള്ളതുമാക്കുക

◆ നാട്ടുപറമ്പ്, പരിസ്ഥിതി തുടങ്ങിയ ജീവിതാനുഭവങ്ങളെ അധ്യയനവുമായി ബന്ധിപ്പിക്കുക

◆ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുകയും തങ്ങളുടെ കഴിവുകൾ പുറത്തെടുക്കാൻ അവസരമൊരുക്കുകയും ചെയ്യുക

◆ രക്ഷിതാക്കളെ പഠനത്തിൽ സജീവമായി പങ്കെടുപ്പിച്ച് അവരുടെ പങ്ക് ബോധ്യപ്പെടുത്തുക

◆ സ്പർശനാനുഭവം ഉൾക്കൊള്ളുന്ന മൾട്ടിസെൻസറി പഠനമാനങ്ങൾ പ്രായോഗികമാക്കുക

◆ പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങളും സാമഗ്രികളും തയാറാക്കാൻ പ്രേരിപ്പിക്കുക

പ്രവർത്തനരീതികൾ

> ഓരോ മാസവും കുറഞ്ഞത് രണ്ട് ശില്പശാലകൾ സംഘടിപ്പിക്കുക◆ വിഷയങ്ങൾക്കനുസരിച്ച് ആവശ്യമായ ഉൽപ്പന്നങ്ങൾ/പഠനസാമഗ്രികൾ തയ്യാറാക്കുക

◆ ശില്പശാല പദ്ധതി ചട്ടക്കൂട്:

> മാസം

> വിഷയ മേഖലം

>നിർമാണം ചെയ്യേണ്ട ഉൽപ്പന്നം

> ആവശ്യമായ വസ്തുക്കൾ

> ശില്പശാല തീയതി

> നേതൃത്വം വഹിക്കുന്ന അധ്യാപകൻ/രക്ഷിതാവ്/വിദഗ്ദർ

പ്രധാന മേഖലകൾ

🎨 കലാപ്രവർത്തികൾ

>വിഷയം അനുസരിച്ചുള്ള ചിത്രരചനാ മത്സരം

(വിരൽ പെയിന്റ്, ഫുക്കി പെയിന്റ്, സ്പോഞ്ച് പെയിന്റ് മുതലായ സാങ്കേതികങ്ങൾ)

>ഇല, തുമ്പ, പൂവ്, കാഴ്ച്ചൾ പോലുള്ള പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ച് കയ്യാലുണ്ടാക്കൽ

>**Waste to Best** – പഴയ വസ്തുക്കളെ പുതുക്കി സുന്ദരവത്കരിക്കൽ

>മണ്ണ് ഉപയോഗിച്ച് രൂപ നിർമ്മാണം, മുഖംമൂടി, പാവ നിർമ്മാണം

 നാടൻ കലകളും പാരമ്പര്യ ശൈലികളും

>നാടൻ ശൈലി കൈപ്രവർത്തനങ്ങളിലൂടെ സംസ്കാരപരമായ ബന്ധം ഉറപ്പാക്കുകവിദഗ്ദരുടെയും സജീവരായ രക്ഷിതാക്കളുടെയും നേതൃത്വത്തിൽ പ്രത്യേക പരിശീലനങ്ങൾ

(വരയ്ക്കൽ, നിർമ്മാണം, പഠനോപകരണ നിർമ്മാണം മുതലായവ)

🖼 പ്രദർശനങ്ങളും അവതരണങ്ങളും

>വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന് തയ്യാറാക്കിയ വസ്തുക്കളുടെ പ്രദർശനം

>ഓരോ മാസവും ഒരുദിവസം 'ശില്പശാല വേദി' എന്ന പേരിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും തങ്ങളുടെ നിർമ്മിതികൾ ക്ലാസ് മുമ്പിൽ അവതരിപ്പിക്കുക

>ഉത്സാഹഭരിതമായ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധേയരായ കാഴ്ചപ്പാടുകൾക്കും ആശയങ്ങൾക്കും അവാർഡുകൾ നൽകി പ്രോത്സാഹിപ്പിക്കുക

## അധ്യായം - 14

✅ കായികക്ഷമത (Physical Fitness)

→ ആരോഗ്യവളർച്ചക്കും ചാരിതാർത്ഥ്യത്തിനും കായികപരിശീലനവും മത്സരങ്ങളും നിർണായകമാണ്.

(കളിസ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ പ്രവർത്തനങ്ങൾ)

✅ 1. ദിനംപ്രതി വ്യായാമങ്ങൾ (Daily Exercises)

സമയം: ക്ലാസ് തുടങ്ങുന്നതിന് മുമ്പ് 5–10 മിനിറ്റ്

പ്രവൃത്തികൾ:

>കൈ നീട്ടൽ, കാൽവെട്ടിക്കൽ

>മേലോട്ടും താഴോട്ടും ചാടി (Jumping)

>കൈകൊണ്ട് വായുവിൽ വൃത്തങ്ങൾ വരയ്ക്കൽ

✅ 2. ആക്ഷൻ ഗാനങ്ങൾ (Action Songs)

സമയം: ഇടവേളകൾക്കും ഭാഷ പഠനത്തിനുമിടയിൽ

പ്രവൃത്തികൾ:

>പാട്ടുകൾക്കൊപ്പം ശരീരചലനം ഉൾപ്പെടുന്ന ആക്ഷൻ

(ഉദാ: "Head, Shoulders, Knees and Toes")

✅ 3. ക്ലാസ്റൂം ഗെയിമുകൾ (Indoor Games)

പ്രവൃത്തികൾ:

>Simon Says – "Simon പറഞ്ഞു എങ്കിൽ മാത്രം ചെയ്യണം"

>Clap and Count – കയ്യടിച്ച് എണ്ണങ്ങൾ പറയുക

>Pass the Ball – പന്ത് കൈമാറുക; പാട്ട് നിൽക്കുമ്പോൾ പന്തുള്ള കുട്ടിയെ മാറ്റുക

✅ 4. കായികദിവസം (Weekly Fitness Day)

സമയം: ആഴ്ചയിൽ ഒരു ദിവസം (ഉദാ: വെള്ളിയാഴ്ച)

പ്രവൃത്തികൾ:

>ചെറിയ ചാടൽ മത്സരം

>വേഗത്തിൽ നടക്കൽ മത്സരം

>കയ്യടി മത്സരം (Clapping challenge)

✅ 5. വീട്ടുപാഠം (Fitness Homework)

പ്രവൃത്തികൾ:

>ദിവസേന വീട്ടിൽ ചെയ്യാൻ ഒരു  വ്യായാമം

>മാതാപിതാക്കളോടൊപ്പം കുറഞ്ഞത് 10 മിനിറ്റ് നടക്കൽ

✅ **6. പഠനത്തിൽ കായികത്വം ചേർക്കൽ (Movement in Learning)**

**Games through Learning:**

**>അക്ഷര ഹണ്ട് – ഉചിതമായ അക്ഷരങ്ങൾ കണ്ടുപിടിക്കാൻ ക്ലാസ് ചുറ്റി ചലനം**

# അദ്ധ്യായം: 15

## ദിനാചരണങ്ങളും ദിനാഘോഷങ്ങളും

**ലക്ഷ്യങ്ങൾ:**

**1)പ്രധാനപ്പെട്ട ദേശീയ, അന്താരാഷ്ട്ര ദിവസങ്ങളെക്കുറിച്ചുള്ള ബോധം കുട്ടികളിൽ വളർത്തുക.**

**2)പൗരബോധവും സാമൂഹിക പ്രതിബദ്ധതയും വളർത്തുക.**

**3)അനുയോജ്യമായ പഠനാനുഭവങ്ങൾ ഒരുക്കി കുട്ടികളുടെ ജ്ഞാനവും കഴിവുകളും ഉണർത്തുക.**

**4) വിദ്യാലയത്തെ ഒരു സാമൂഹ്യ സ്ഥാപനമായി പരിവർത്തനം ചെയ്യുക.**

**മാസാനുസൃതമായി ദിനാഘോഷങ്ങൾ, പ്രവർത്തനങ്ങൾ**

✅ **ജൂൺ**

◆ **ജൂൺ 2- പ്രവേശനോത്സവംപ്രധാന പ്രവർത്തനങ്ങൾ**

▪**വാദ്യമേളത്തോടെ മുത്തു കുടയുമേന്തിയുള്ളഘോഷയാത്ര**

▪ **അലങ്കാരം**

▪ **മധുര വിതരണം**

▪ **കുഞ്ഞരങ്ങ്**

◆ **ജൂൺ 5 – പരിസ്ഥിതിദിനം**

**പ്രധാന പ്രവർത്തനങ്ങൾ:**

▪**മരത്തൈ നട്ടുപിടുത്തം**

▪**പരിസ്ഥിതി സന്ദേശങ്ങളുള്ള പോസ്റ്റർ നിർമ്മാണം**

▪**സ്കൂൾ പരിസരം ശുചിത്വമാക്കൽ**

▪"പ്രകൃതിയുടെ കൂട്ടുകാരൻ" ചിത്രരചന മത്സരം
▪സ്കൂളിനൊരു മുറം പച്ചക്കറി - അടുക്കളത്തോട്ടം
▪ഫീൽഡ് ട്രിപ്പ്

◆ **ജൂൺ 19 – വായനാമാസം ആരംഭം**
പ്രധാന പ്രവർത്തനങ്ങൾ:
▪വായനാചങ്ങല ആരംഭം
▪പുസ്തക പ്രദർശനം
▪കഥപറയൽ, വായനാ മത്സരങ്ങൾ
▪പത്രവായന ദിനചരണം
▪വായനപോസ്റ്റർ നിർമാണം

◆ **ജൂൺ 21 – അന്താരാഷ്ട്ര യോഗദിനം**
പ്രധാന പ്രവർത്തനങ്ങൾ:
▪യോഗ പരിശീലനം
▪ആരോഗ്യ ബോധവത്കരണം

✅ **ജൂലൈ◆ ജൂലൈ 5 – ബഷീർ ദിനം**
പ്രധാന പ്രവർത്തനങ്ങൾ:
▪ബഷീറിന്റെ കഥാ ലോകവുമായി പരിചയം
▪ കഥാപഠനം, വായന
▪ബഷീർ കഥാപാത്രങ്ങളായെത്തിയുള്ള അവതരണം
▪ബഷീറിനെക്കുറിച്ചുള്ള പ്രസംഗം
▪ വായനശാലയിലേക്കൊരു യാത്ര.
◆ **ജൂലൈ 11 – ലോക ജനസംഖ്യ ദിനം**
പ്രധാന പ്രവർത്തനങ്ങൾ:
▪പോസ്റ്റർ / ചിത്രരചന
▪ജനസംഖ്യാ അവബോധം വളർത്തുന്ന സന്ദേശങ്ങൾ

◆ **ജൂലൈ 21 – ചാന്ദ്രദിനം**
പ്രധാന പ്രവർത്തനങ്ങൾ:
▪ചന്ദ്രനെ കുറിച്ചുള്ള ശാസ്ത്രീയ ബോധവത്കരണം
▪ചന്ദ്രപ്രഭയെ ആസ്പദമാക്കിയ ചിത്രരചന

▪ചന്ദ്രൻ പങ്കുവെക്കുന്ന കഥാപാഠം

▪റോക്കറ്റ് നിർമ്മാണം.

◆ ജൂലൈ 28 – ലോക പ്രകൃതി സംരക്ഷണ ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ശുചിത്വ സന്ദേശപ്രചാരണം

▪പരിസ്ഥിതി പകർച്ച ചിത്രങ്ങൾ

▪"നാം പ്രകൃതിയുടെ ഭാഗം" എന്ന സന്ദേശത്തോടെ ലഘു സ്കിറ്റുകൾ.

✅ ഓഗസ്റ്റ്

◆ ഓഗസ്റ്റ് 6 – ഹിരോഷിമ ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ആണവ യുദ്ധം – അപകടങ്ങൾ/ഫലങ്ങൾ സംബന്ധിച്ച ചർച്ച

▪"സമാധാന സന്ദേശം" പോസ്റ്റർ നിർമ്മാണം

◆ ഓഗസ്റ്റ് 9 – ക്വിറ്റ് ഇന്ത്യ ദിനം, നാഗസാക്കി ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ദേശസ്നേഹ ഗാനം

▪സ്വാതന്ത്ര്യസമര നായകരെക്കുറിച്ചുള്ള അവതരണം

▪വിദ്യാർത്ഥികളുടെ പ്രസംഗം

◆ ഓഗസ്റ്റ് 15 – സ്വാതന്ത്ര്യ ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪പതാക ഉയർത്തൽ

▪ദേശഭക്തിഗീതങ്ങൾ

▪ഘോഷയാത്ര

▪സ്വാതന്ത്ര്യസമര നായകരെ കുറിച്ച് പ്രസംഗം

▪പ്രദർശനങ്ങൾ

◆ ഓഗസ്റ്റ് 29 – ദേശീയ കായികദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪സ്പോർട്സ് മത്സരങ്ങൾ

▪സ്കൂൾ കായികതാരങ്ങളെ ആദരിക്കൽ

✅ സെപ്റ്റംബർ

◆ സെപ്റ്റംബർ 5 – അധ്യാപകദിനം / നബിദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ഗുരുവന്ദനം

▪വിദ്യാർത്ഥികൾക്ക് പാഠം പറയാനുള്ള അവസരം

▪അഭിനന്ദനചടങ്ങ്

▪വിശ്വാസ സഹിഷ്ണുതയുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ

◆ സെപ്റ്റംബർ 8 – അന്താരാഷ്ട്ര സാക്ഷരതാദിനം

▪

പ്രധാന പ്രവർത്തനങ്ങൾ:

▪വായനാ പരിപാടികൾ

▪സാക്ഷരത വിജയകരെ അനുമോദിക്കൽ

◆പുതിയ സ്കൂൾ കെട്ടിടം ഉദ്ഘാടനം

▪പൂർവവിദ്യാർഥി- അധ്യാപക സംഗമങ്ങൾ.

▪ ആഘോഷങ്ങൾ

▪വാദ്യമേളങ്ങൾ

▪ഘോഷയാത്രകൾ

▪ കലാസന്ധ്യ.

✅ ഒക്ടോബർ

◆ ഒക്ടോബർ 2 – ഗാന്ധിജയന്തി

പ്രധാന പ്രവർത്തനങ്ങൾ:

▪ശുചിത്വ പരിപാടികൾ

▪ഗാന്ധിയൻ സന്ദേശപ്രചാരം

▪പോസ്റ്റർ നിർമ്മാണം▪“അഹിംസയുടെ മാർഗം” – ലഘുനാടകങ്ങൾ

▪ശുചീകരണ ക്യാമ്പ്

◆ ഒക്ടോബർ 10 – തപാൽ ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪തപാൽ എഴുതൽ പരിശീലനം

▪തപാൽ കവർ ഡിസൈൻ

▪പോസ്റ്റ്മാനായി വേഷമിട്ട് അവതരണം

▪തപാലാപ്പി സിലേക്കൊരു യാത്ര

◆ ഒക്ടോബർ 16 – ലോക ഭക്ഷ്യ ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪പോഷകാഹാരത്തെക്കുറിച്ചുള്ള സന്ദേശപ്രചാരം

▪ഹെൽത്തി ഫുഡ് പ്രദർശനം

▪വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തത്തോടെ പാചകം

✅ നവംബർ

◆ നവംബർ 1 – കേരളപിറവി ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪കേരള ചരിത്രവും സംസ്കാരവും കുറിച്ച് അവതരണം

▪നാടോടിപാട്ട്/നാടൻ കളികൾ

▪ കേരളം - രൂപരേഖ വരക്കൽ .

◆ നവംബർ 14 – ബാലദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪കുട്ടികളുടെ കലാപരിപാടികൾ

▪കുട്ടികൾ അന്ന് അധ്യാപകരാവുന്നത്

▪വിനോദയാത്ര

◆ നവംബർ 26 – ഭരണഘടന ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ഭരണഘടന വായന

▪അധികാരങ്ങളും ബാധ്യതകളും

▪വിദ്യാർത്ഥി പ്രസംഗം

✅ ഡിസംബർ

◆ ഡിസംബർ 3 – ഭിന്നശേഷി ദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪സമവായ പരിശീലനങ്ങൾ
▪അനുഭാവം പങ്കുവെക്കൽ
▪പോസ്റ്റർ, കലാപരിപാടികൾ

◆ ഡിസംബർ 10 – മനുഷ്യാവകാശ ദിനം
പ്രധാന പ്രവർത്തനങ്ങൾ:
▪പ്രസംഗ മത്സരം
▪മനുഷ്യാവകാശം പോസ്റ്റർ
▪ചർച്ച: "എന്റെ അവകാശങ്ങൾ"

◆ ഡിസംബർ 18 – അന്തർദേശീയ അറബി ഭാഷാദിനം
പ്രധാന പ്രവർത്തനങ്ങൾ:
▪അറബി അക്ഷരങ്ങളെക്കുറിച്ചുള്ള പ്രകടനം
▪അറബി കവിത/ഗാനം
▪അറബി ലിപിയിൽ കഥ/വാചനം

◆ ഡിസംബർ 19 – ക്രിസ്തുമസ് ആഘോഷം
പ്രധാന പ്രവർത്തനങ്ങൾ:
▪പാട്ടും നൃത്തവും
▪ക്രിസ്മസ് കേക്ക് / ക്രിസ്മസ് ഗിഫ്റ്റ്
▪സാന്താക്ലോസിന്റെ വരവ്✅ ജനുവരി
◆ ജനുവരി 26 – റിപ്പബ്ലിക് ദിനം
പ്രധാന പ്രവർത്തനങ്ങൾ:
▪പതാക ഉയർത്തൽ
▪ദേശഗീതങ്ങൾ
▪ഘോഷയാത്ര
▪ഭരണഘടനയെ ആസ്പദമാക്കി നാടകം
▪ലേഖന മത്സരം
▪
ക്വിസ് മത്സരം
✅ ഫെബ്രുവരി

◆ ഫെബ്രുവരി 14- സ്കൂൾ വാർഷികാഘോഷം

▪പൂർവ വിദ്യാർത്ഥി സംഗമം

▪ കുട്ടികളുടെകലാപരിപാടികൾ

▪ ആദരം - അനുമോദനം .

▪ ഡോക്യൂമെന്ററി

▪ പാനൽ പ്രദർശനം.

◆ ഫെബ്രുവരി 21 – അന്താരാഷ്ട്ര മാതൃഭാഷാദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪കവിതാ വായന

▪നാട്ടുപാട്ട്/നാടോടിനൃത്തം

▪മാതൃഭാഷ കഥാപരിപാടികൾ

▪മാതൃഭാഷ പോസ്റ്റർ

✅ മാർച്ച്

◆ മാർച്ച് 8 – വനിതാദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪"അമ്മയ്ക്ക് ഒരു സമ്മാനം" –

▪അമ്മമാരുടെ അനുഭവങ്ങൾ പങ്കുവെക്കൽ

▪അമ്മയെക്കുറിച്ചുള്ള കവിത / ചിത്രം

◆ മാർച്ച് 22 – ജലദിനം

പ്രധാന പ്രവർത്തനങ്ങൾ:

▪ജലസംരക്ഷണ സന്ദേശപ്രചാരം

▪പോസ്റ്റർ / കവിത രചന

▪പക്ഷികൾക്കൊരു ജലതൊട്ടിൽ സ്ഥാപിക്കൽ

## ഉപസംഹാരം

ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനും അദ്ധ്യാപകരുടെ സുഗമമായ അധ്യാപനക്രമത്തിനും മാർഗനിർദേശകമായി സേവിച്ചുകൊണ്ടിരിക്കുന്നു. എല്ലാ പങ്കാളികളുടെയും സഹകരണത്തോടും അധ്വാനത്തോടും കൂടിയാണ് ഈ പദ്ധതി രൂപപ്പെടുത്തപ്പെട്ടത്.

നന്ദി